# <u>പത്രക്കുറിപ്പ്</u>

## <u>വനിതാ സ്വയംസഹായ സംഘങ്ങൾക്ക് വായ്പ - 2024-2025</u>

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC) കളിമൺപാത്ര നിർമ്മാണ മേഖലയിലെ വനിതാ സ്വയംസഹായ സംഘങ്ങൾക്ക് വേണ്ടി, കളിമൺപാത്ര നിർമ്മാണ വിപണന മേഖലകളിൽ നടപ്പിലാക്കുന്ന വായ്പാ പദ്ധതി പ്രകാരം 2024-2025 വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ നൽകേണ്ട അവസാന തീയതി **<u>2024 ഒക്ടോബർ 25.</u>**

കുടുംബശ്രീ സി.ഡി.എസ്. കളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും, കോർപ്പറേഷൻ മാർഗ്ഗരേഖ പ്രകാരം വായ്പാ യോഗ്യത നേടുന്നതുമായ വനിതാ സ്വയം സഹായ സംഘങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്. ബന്ധപ്പെട്ട സി.ഡി.എസ്. മുഖേനയാണ് വായ്പ അപേക്ഷ നല്കേണ്ടത്.

ഇത് സംബന്ധിച്ച അറിയിപ്പിനും, വിശദവിവരങ്ങൾക്കും, പദ്ധതി മാർഗ്ഗരേഖയ്ക്കും, അപേക്ഷാ ഫാറത്തിനും, അപേക്ഷാ ഫാറത്തിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾക്കും, മറ്റ് വിവരങ്ങൾക്കുമായി കോർപ്പറേഷൻ വെബ്സൈറ്റ് സന്ദർശിക്കുക. (<u>www.keralapottery.org</u>)

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ